# പാവം ഞാനും കുഞ്ഞുലക്ഷിയും

## തമ്പി ആന്റണി,

അന്നു ഞാനൊരു പാവം
കുട്ടിയായിരുന്നു.
പള്ളിയിൽ പോകുന്ന
കുമ്പസാരിക്കുന്ന
വേദപുസ്തകം വായിക്കുന്ന
പാവം ഞാൻ.

വളർന്ന്
വലിയ മനുഷ്യനായി,
പള്ളിയിൽ പോകാതെ
പരിശുദ്ധാത്മാവായി
കള്ളുഷാപ്പിലോ
വായനശാലയിലോ
കറങ്ങി നടന്ന്
പരദൂഷണം പറയുന്ന
കൊച്ചുകൊച്ചു തെറ്റുകൾ
ചെയ്യുന്ന
പാവം മനുഷ്യനായി.
പറങ്കിമല
മെയ്യഴിപ്പുഴ
ഖസാക്കിന്റെ ഇതിഹാസങ്ങൾ
എല്ലാം ഹൃദിസ്ഥമാക്കി
എതോ
ദശാസന്ധിയിൽ
ശാസ്ത്രസാഹിത്യം
പെണ്ണുകാണൽ
കവിയരങ്ങ്
അടൂരിന്റെ സിനിമ
യേശുദാസിന്റെ പാട്ട്
പിന്നെ ദേശാടനം
തുണിസഞ്ചിയും തൂക്കി
നിത്യകന്യകയെത്തേടി
അലഞ്ഞലഞ്ഞ്
എല്ലാം വിധിയെന്ന
വ്യഥയില്ലാത്ത
വെറും ജോൺഅവറാനായി
ആ ദിവസങ്ങളുടെ
ആനന്ദനിർവൃതിയിൽ
അയൽവാസിയായ
കുഞ്ഞുലക്ഷിയെ
കൈകാണിച്ചു
കണ്ണിറുക്കി
പ്രലോഭിപ്പിച്ചു
പ്രണയിച്ചു

പാവം കുഞ്ഞുലക്ഷി..!
പാപത്തിന്റെ ഫലം
ഭക്ഷിച്ചു
കൊച്ചുകൊച്ചുതെറ്റുകൾ
ചെയ്തു
ഭൂമിയെ സ്നേഹിച്ച
പാവം
പെൺകുട്ടി!
എന്റെ വാക്കുകൾ
കേട്ടിരുന്നു.
എന്നോടൊപ്പം ഉറങ്ങി
എന്റെ സ്വരം കേട്ടുണർന്നു.
എന്റെ സ്വപ്നളിൽ
എങ്ങോ പറന്നകന്നു.